# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.191 | 05.02.2018- ൽ മറുപടിയ്ക്ക് |
|---|---|

## പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി കുറയ്ക്കുവാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>,, സി.മമ്മൂട്ടി<br>,, പി.ഉബൈദുള്ള | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | പെട്രോൾ, ഡീസൽ എന്നിവയുടെ വിലവർദ്ധനവ് മൂലം സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടാകാറുണ്ടോ; എങ്കിൽ എപ്രകാരം എന്ന് വ്യക്തമാക്കുമോ; | (എ) | പെട്രോൾ, ഡീസൽ എന്നിവയുടെ വില്പനവിലയിന്മേലാണ് സംസ്ഥാന സർക്കാർ നികുതി ഈടാക്കി വരുന്നത്. പെട്രോൾ, ഡീസൽ എന്നിവയുടെ വില്പനവിലയിൽ ഉണ്ടാകുന്ന വ്യതിയാനത്തിന് ആനുപാതികമായി, സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വരുമാനത്തിലും വ്യതിയാനം ഉണ്ടാകും. അപ്രകാരം പെട്രോൾ, ഡീസൽ എന്നിവയുടെ വില്പനവിലയിൽ ഉണ്ടാകുന്ന വർദ്ധനവ് മൂലം സർക്കാരിന് നികുതിയിനത്തിൽ നേട്ടം ഉണ്ടാകാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 01.06.2016 മുതൽ 01.01.2018 വരെ 37 തവണ പെട്രോളിന്റെയും ഡീസലിന്റെയും വിലകൾ കൂട്ടുകയും കുറയുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മാറ്റങ്ങൾ മൂലം പെട്രോളിൽ നിന്ന് 24.59 കോടി രൂപയും ഡീസലിൽ നിന്ന് 32.75 കോടി രൂപയും ചേർത്ത് ആകെ 57.34 കോടി രൂപ സർക്കാരിന് അധിക വരുമാനം ഉണ്ടായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിലവർദ്ധനവ് മൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന സാമ്പത്തിക ക്ലേശം കുറയ്ക്കുവാൻ എന്തെങ്കിലും നടപടി | (ബി) യും (സി) | പെട്രോൾ, ഡീസൽ എന്നിവയുടെ വിലവർദ്ധനവ് മൂലം സാധാരണക്കാർക്ക് സാമ്പത്തിക ക്ലേശം ഉണ്ടാകുമെങ്കിലും, |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുണ്ടോ; | യും | ജി.എസ്.ടി വരുമാനം സംബന്ധിച്ച സങ്കീർണ്ണത/അനിശ്ചിതത്വം നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ, സംസ്ഥാന സർക്കാരിന് ലഭിക്കുന്ന നികുതിയിൽ കുറവ് വരുത്തുന്നത്, സർക്കാരിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ നികുതി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഇപ്പോൾ നിർവാഹമില്ല. |
| (സി) | പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതി കുറച്ച് സാധാരണക്കാർക്ക് ആശ്വാസമേകാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ